(ബി) ഇതുവഴി പ്രസ്തുത സ്ഥാപനങ്ങളുടെ പദ്ധതി അവതാളത്തിലായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്ലാൻകട്ട് ഉണ്ടായതിനാൽ 335.50 കോടി രൂപയാണ് പദ്ധതി വിഹിതത്തിന്റെ നാലാമത്തെ ഗഡുവിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാതിരുന്നത്.

(ബി) പദ്ധതികൾ അവതാളത്തിലായിട്ടില്ല. നാലാമത്തെ ഗഡു പദ്ധതിവിഹിതം വിനിയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പ്രോജക്ടുകൾ സ്പിൽ ഓവർ ആയി ഈ വർഷം തുടർന്നിരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതിത്തുകയിൽ 1998 മുതൽ ചെലവഴിക്കാത്ത തുകയുടെ വിശദാംശം

100 (1569) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കൃഷി വകുപ്പ് എന്നിവയിൽനിന്നും സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതിത്തുകയിൽ 1998 മുതൽ ചെലവഴിക്കാത്ത എത്ര തുകയുണ്ട് ; പഞ്ചായത്ത് തിരിച്ച് വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര രൂപ ഓരോ പഞ്ചായത്തിലും വകമാറ്റി ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതിനായി ചേർന്ന യോഗം

101 (1570) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതിനായി ചേർന്ന ജില്ലാ പഞ്ചായത്ത് യോഗത്തിൽനിന്ന് ഭരണ കക്ഷിയിൽപ്പെട്ട പ്രസിഡന്റും അംഗങ്ങളും ഇറങ്ങിപ്പോയ സംഭവം സംസ്ഥാനത്ത് ഈ വർഷം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly